# നീരയുടെ ഉത്പാദന വ്യാപനത്തിനായി നാളികേര നീര ബോർഡ് രൂപവത്കരിക്കും

സ്വന്തം ലേഖകൻ

തിരുവനന്തപുരം: നീരയുടെ ഉത്പാദനവും വിപണനവും വ്യാപകമാക്കുന്നതിനായി നാളികേര നീര ബോർഡ് രുപവത്കരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

നീര ഉത്പാദനത്തിനായി 173 ഫെഡറേഷനുകളാണു നാളികേര വികസന കോർപറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 16 ഫെഡറേഷനുകൾക്കു നീര ചെത്താൻ ലൈസൻസ് നൽകിയതായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. നീര ഉത്പാദനത്തിനുള്ള അപേക്ഷകൾ പരിഗണിച്ചു ആവശ്യാനുസരണം ലൈസൻസ് നൽകാൻ എക്സൈസ് വകുപ്പിനു നിർദേശം നൽകിയിട്ടുണ്ട്. ലൈസൻസ് നൽകലും ഭരണപരമായ കാര്യങ്ങളും എക്സൈസ് വകുപ്പും കർഷകരുടെയും ചെത്തു തൊഴിലാളികളുടെയും കാര്യങ്ങൾ കൃഷി വകുപ്പും നിർവഹിക്കും.

ഈ സാമ്പത്തിക വർഷം നീരയുടെ ഉത്പാദന-വിപണനത്തിനായി 15 കോടി രൂപയാണു സർക്കാർ നീക്കിവച്ചത്. ഇതിൽ നീരയുടെ ഉത്പാദന-ഗവേഷണ പ്രവർത്തനങ്ങൾക്കായി കാർഷിക സർവകലാശാലയ്ക്ക് 1.8 കോടി രൂപ നൽകി. ബാക്കി 13.2 കോടി രൂപ നീരയുടെ വികസനത്തിനായി ചെലവഴിക്കും. 11 കമ്പനികൾ രൂപീകരിക്കും. കമ്പനികൾക്കു ചെലവാകുന്ന തുകയുടെ 50 ശതമാനം ഗ്രാന്റ് നൽകും. ഇത് ഒന്നര കോടിയിൽ കൂടാൻ പാടില്ല. കർഷകർക്കു കൂടുതൽ വരുമാനം ലഭിക്കുന്നതിനു മുൻഗണന നൽകുന്ന തരത്തിലാകും പദ്ധതി തയാറാക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

കൊച്ചി മെട്രോ റെയിൽ പദ്ധതി പേട്ടയിൽനിന്നു തൃപ്പൂണിത്തുറയിലേക്കു നീട്ടാൻ ആദ്യഘട്ട ജോലികൾക്കായി 323 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. പൂട്ടിക്കിടക്കുന്ന പെരുമ്പാവൂർ റയോൺസിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കടബാധ്യത ഉൾപ്പെടെ സർക്കാർ ഏറ്റെടുക്കും. ഭൂമി ഏറ്റെടുത്തു കിൻഫ്രയ്ക്കു നൽകും. റയോൺസിനു ബാങ്കുകൾക്ക് 19.45 കോടി രൂപയും ധനകാര്യ സ്ഥാപനങ്ങൾക്ക് 17.4 കോടിയും ജീവനക്കാരുടെ ശമ്പള കുടിശിക 29.62 കോടിയും പിഎഫ് ബാധ്യത 4.5 കോടിയും അടക്കം 71 കോടി രൂപയുടെ ബാധ്യതയാണുള്ളത്. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ കൂടി അടിസ്ഥാനത്തിലാകും നടപടി സ്വീകരിക്കുക.

ഫാക്ടിന്റെ വാറ്റ് ഒഴിവാക്കുന്നത് അടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കും. കെഎസ്ടിപി പദ്ധതിയിൽ ചെങ്ങന്നൂർ കല്ലിശേരി പാലവും പുത്തൻവീട്ടിൽപ്പടി പാലവും നിർമിക്കും. ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് പുനർ നിർമിക്കുന്നതിനായി റീ ടെൻഡർ ചെയ്യും.

തൃശൂർ പടിഞ്ഞാറേക്കോട്ടയിൽ ബിഒടി അടിസ്ഥാനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മേൽപ്പാലം നിർമിക്കുന്നതിന് 38 കോടി രൂപയുടെ പദ്ധതിക്കു ഭരണാനുമതി നൽകി. റോഡ് ഫണ്ട് ബോർഡാണു ആറു പ്രധാന റോഡുകൾ സംഗമിക്കുന്ന പടിഞ്ഞാറേക്കോട്ടയിൽ ഫ്ളൈ ഓവർ നിർമിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

നാളികേര നീര ബോർഡിന്റെ ചെയർമാൻ കാർഷികോത്പാദന കമ്മീഷണറായിരിക്കും. എക്സൈസ് കമ്മീഷണർ എക്സിക്യൂട്ടീവ് സെക്രട്ടറിയായിരിക്കും.